57. സ്റ്റേറ്റ് ഫാം, കൺകോഡ്
58. ,, വേങ്ങാട്
59. ,, പുല്ലൂർ
60. ,, കാസർകോഡ്
എന്നിവയാണ്.

(ബി) തല്ക്കാലം ഇങ്ങനെ ഒരു ഫാമിംഗ് കോർപ്പറേഷൻ രൂപീകരിക്കുവാൻ പരിപാടിയില്ല.

(സി) ഉണ്ട്.

(ഡി) കുമരകത്തുള്ള സ്റ്റേറ്റ് സീഡ് ഫാം.

മരച്ചീനിയുടെ താങ്ങുവില

577 [835] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താങ്ങുവില പ്രഖ്യാപിച്ചതിനുശേഷം എത്ര ടൺ മരച്ചീനി ഗവൺമെന്റിൽനിന്നും ഇതിനുവിധേയമായി വിലയ്ക്കു വാങ്ങിച്ചിട്ടുണ്ട്;

(ബി) ഈ ഇനത്തിൽ എത്ര രൂപ ഗവൺമെന്റിന് നഷ്ടമുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) ഇതുവരെയും വാങ്ങുവാൻ തുടങ്ങിയിട്ടില്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ.എൽ.ഡി. എം. എം. ബോർഡ്

578 [836] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.എം.എം. ബോർഡിന്റെ ഉല്പന്നങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ബോർഡിന് 1977, 1978 ഈ വർഷങ്ങളിൽ ഉണ്ടായ ലാഭ നഷ്ടങ്ങൾ എത്ര;

(സി) ഈ ബോർഡിലുള്ള ജീവനക്കാർ മൊത്തം എത്ര; അതിൽ ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാർ എത്ര വീതം;

(ഡി) ഇവരെ നിയമിച്ചത് ഏത് മാനദണ്ഡത്തിലാണ്?

ഉത്തരം

(എ) പാലും, പാലിൽ നിന്നുണ്ടാക്കുന്ന വെണ്ണ, നെയ്യ്, ഐസ്ക്രീം, ശുദ്ധിവരുത്തിയ കൊക്കോ, സ്വാദുള്ള പാല്, തൈര്, പാർകോവ എന്നീ ഉല്പന്നങ്ങൾ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, പശുക്കളിൽ ബീജധാനത്തിനുള്ള മേൽത്തരം ബീജം (ഗാഢ ശീതീകരണം ചെയ്തതും ചെയ്യാത്തതും) മേൽത്തരം കാലിത്തീറ്റപ്പുല്ലിന്റെ വിത്ത് ഇവയാണ് കെ.എൽ.ഡി.എം.എം. ബോർഡ് ഉൽപ്പാദിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷങ്ങളിലെ ബോർഡിന്റെ കണക്കുകൾ ഇതുവരെ തിട്ടപ്പെടുത്തിയിട്ടില്ല. ഈ കണക്കുകൾ തിട്ടപ്പെടുത്തിയതിനു ശേഷം മാത്രമേ ലാഭ നഷ്ടത്തെപ്പറ്റിയുള്ള ശരിയായ വിവരം നല്കാൻ കഴിയുകയുള്ളു.

(സി, ഡി) ഈ ബോർഡിൽ ഇപ്പോൾ ആകെ 1,406 ജീവനക്കാർ ഉണ്ട്. അവരുടെ തരം തിരിച്ചുള്ള കണക്കു താഴെ കൊടുത്തിരിക്കുന്നു.

1.	ഗസറ്റഡ്	94
2.	നോൺ ഗസറ്റഡ്	382
3.	വർക്കേഴ്സ്	930
	ആകെ	1406

ഇവരിൽ 246 പേരൊഴികെ ബാക്കി എല്ലാവരും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും നിയമിതരായവരാണ്. ഈ 246 പേരിൽ 19 പേരെ ബോർഡിന്റെ ഒരു സബ് കമ്മറ്റി മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ആണ് നിയമിച്ചത്. ബാക്കിയുള്ളവർ ദിവസക്കൂലി അടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കപ്പെട്ടവരാണ്.

താങ്ങുവിലയ്ക്ക് നെല്ല് നല്കിയ കൃഷിക്കാർ

579 [837] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

താങ്ങുവിലയ്ക്ക് ഗവൺമെന്റിലേയ്ക്ക് നെല്ല് നല്കിയ കൃഷിക്കാരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

വ്യക്തമാക്കാം. ജില്ലതിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്:

ജില്ല	വിരിപ്പ് 1978	മുണ്ടകൻ/പുഞ്ച 1978-79
എറണാകുളം	61	..
തൃശ്ശൂർ	47	..
പാലക്കാട്	3671	4
മലപ്പുറം	109	2
കോഴിക്കോട്	..	16
കണ്ണൂർ	260	..
ആകെ	4148	22

വൈക്കത്തുണ്ടായ കൃഷിനാശം

580 [838] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വെള്ളപ്പൊക്കംമൂലം വൈക്കത്ത് എത്ര ഹെക്ടർ സ്ഥലത്തു കൃഷി നാശമുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly